പാടികൾ കണ്ടാസ്വദിക്കാനുള്ള സാഹചര്യങ്ങൾ ദരിദ്രരാജ്യങ്ങളിൽ, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ മിക്കപ്പോഴും ഉണ്ടായെന്നു വരില്ല. അതിനാൽ ദരിദ്രമായ ഒരു ജനത വിജ്ഞാനസമ്പാദനത്തിനു മുഖ്യമായും അച്ചടിമാധ്യമങ്ങളെത്തന്നെ ആശ്രയിക്കേണ്ടിവരും.

മനുഷ്യശരീരത്തോടു പൊരുത്തപ്പെട്ടു വർത്തിക്കുന്നതിനാൽ മനുഷ്യശരീരം പോലെതന്നെ ആയിത്തീർന്ന ചില ഉപകരണങ്ങളുണ്ട്. വെള്ളം കുടിക്കാൻ ഉപയോഗിക്കുന്ന കോപ്പയും ഗ്ലാസും, ചെറിയ പേനക്കത്തി, പേന, റിസ്റ്റ് വാച്ച്, ബട്ടൻ, സേഫ്റ്റിപിൻ, കണ്ണട മുതലായവ ഉദാഹരണം. പുസ്തകത്തിന്റെ സ്ഥാനവും ഇത്തരം ഉപകരണങ്ങളുടെ കൂടെയാണ്. ടെലിവിഷൻ സെറ്റും റേഡിയോ സെറ്റും ഗൃഹോപകരണങ്ങളാണ്; ശരീരാവയവ സഹായികളല്ല.

## പുസ്തകം മരിക്കില്ല

ടെലിവിഷന്റെ പ്രചാരംകൊണ്ട് ഇന്ത്യയിലൊരിടത്തും പത്രങ്ങൾക്കോ ആനുകാലികങ്ങൾക്കോ പ്രചാരം ഇന്നോളം കുറഞ്ഞിട്ടില്ല. അവയിൽ പരസ്യത്തിന്റെ തോതിനും കുറവു വന്നിട്ടില്ല. പുസ്തകത്തിന്റെ പ്രചാരം കുറയുകയാണെന്നു ചില പുസ്തകപ്രസാധകർ ആവലാതിപ്പെടുന്നതിനും ആധാരമൊന്നുമില്ല. ആണ്ടോടാണ്ട് ഇന്ത്യയിൽ പുസ്തകങ്ങളുടെ മൊത്തം വില്പന വർദ്ധിച്ചുവരികതന്നെയാണെന്നാണ് എനിക്കു കിട്ടിയിട്ടുള്ള അറിവ്.

പക്ഷേ, ടെലിവിഷൻ യുഗത്തിൽ പുസ്തകത്തിന്റെ ഗുണമേന്മ വളരെ ഉയരേണ്ടതായിട്ടുണ്ട്. പുസ്തകത്തിന്റെ ഉള്ളടക്കം, സംവിധാനം, കടലാസ്, അച്ചടി, ബയൻഡ് എല്ലാം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരണം. ഇന്നത്തേതുപോലെ അതിപ്രാകൃതമായ രീതിയിൽ പടച്ചുവിടുന്ന പുസ്തകങ്ങൾക്ക് അന്താരാഷ്ട്ര നിർമാണനിലവാരം ദീക്ഷിച്ചു നിർമിക്കുന്ന ടെലിവിഷൻസെറ്റിന്റെ മീതേ സ്ഥാനം നൽകുന്നതിനെ നമ്മുടെ യുക്തിബോധവും സൗന്ദര്യബോധവും നീതീകരിക്കുകയില്ല.

# 4. ഗാന്ധിസ്മൃതി

1934 ജനുവരി 18–ാം തീയതിയാണ് മഹാത്മാഗാന്ധിയെ ഞാൻ ആദ്യമായി കണ്ടതു്. ഹരിജനങ്ങളുടെ പ്രശ്നങ്ങളിലേക്ക് ജനങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിനും ഹരിജന സേവാസംഘത്തിന് ധനം ശേഖരിക്കുന്നതിനുംവേണ്ടി ദക്ഷിണേന്ത്യയിൽ പര്യടനം നടത്തുകയായിരുന്നു . ഗാന്ധിജി. ബംഗ്ലൂരിൽനിന്ന് ജനുവരി 10–ാം തീയതി പാലക്കാട്ട് എത്തിയ ഗാന്ധിജി 'ഇന്ത്യയുടെ അയിത്ത–ഭൂപടത്തിൽ ഏറ്റവും കറുത്ത പ്രദേശം' എന്ന് മലബാറിനെ വിശേഷിപ്പിച്ചു. അദ്ദേഹം പറഞ്ഞു:

'എന്റെ ആത്മാവിന്റെ അഗാധതയിൽനിന്ന് സത്യം വെട്ടിത്തുറന്നു പറയാനാണ് ഞാൻ മലബാറിൽ വന്നിട്ടുള്ളതു്. നിങ്ങൾക്ക് അറിയാവുന്നതുപോലെ മലബാറിലെ പലതിനെപ്പറ്റിയും ഞാൻ അത്യധികം വാഴ്ത്തി പറഞ്ഞിട്ടുണ്ട്. ലോകത്തിൽ മറ്റൊരിടത്തിനും പുറകിലല്ലാത്ത പ്രകൃതിഭംഗി ഇവിടെയുണ്ട്. മര്യാദ പുലർത്താമെങ്കിൽ മനുഷ്യന് മലബാറിൽ സുഖജീവിതം നയിക്കാം. ഇന്ത്യയിൽ ഏറ്റവുമധികം സ്വാതന്ത്ര്യം അനുഭവിക്കുന്നവളാണ് മലബാറിലെ സ്ത്രീ. എന്റെ ബഹുമാനം ആർജിച്ച ഒരു അന്തസ്സ് മലബാറിൽ ഞാൻ കണ്ട എല്ലാ സ്ത്രീകൾക്കുമുണ്ട്. പക്ഷേ, മലബാറിലെ അയിത്തത്തെപ്പറ്റി ആർക്കും അഭിമാനംകൊള്ളാനാവില്ല. ഭൂമിയിലെ ഏറ്റവും നികൃഷ്ടമായ വസ്തു

വത്രെ മലബാറിലെ അയിത്തം. മലബാറിൽനിന്ന് അയിത്തമെന്ന ഈ നാണക്കേട് തുടച്ചു നീക്കിക്കളയുവാൻ നിങ്ങളോട് ഞാൻ ആവശ്യപ്പെടുന്നു. വേണമെങ്കിൽ നിങ്ങൾക്കതു ചെയ്യാൻ കഴിയും. നിങ്ങൾ അതു ചെയ്യാലാകട്ടെ ഇന്ത്യ മുഴുവൻ സ്വാഭാവികമായി നിങ്ങളെ പിന്തുടരുകയുംചെയ്യും. ഉയർന്ന പ്രതീക്ഷയോടെയാണ് ഞാൻ മലബാറിൽ പ്രവേശിച്ചിട്ടുള്ളതു്. ആ പ്രതീക്ഷയെ നിറവേററുകയോ തകർക്കുകയോ ചെയ്യേണ്ടതു് നിങ്ങളാണ്. നിങ്ങളുടെ ഹൃദയങ്ങളിൽ എന്റെ ഈ പ്രവചനം എഴുതി സൂക്ഷിക്കുക; ഇന്നു നാം ആചരിക്കുന്ന വിധത്തിലുള്ള അയിത്തം നിലനിന്നാൽ ഹിന്ദുമതം നശിക്കും. ആസന്നമായ നാശത്തിൽനിന്ന് ഹിന്ദുമതത്തെ രക്ഷിക്കുവാൻ നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നു. തിരഞ്ഞെടുക്കാൻ നിങ്ങൾക്ക് അവസരം കൈവന്നിരിക്കുകയാണ്. ഇന്നു തിരഞ്ഞെടുത്തില്ലെങ്കിൽ പിന്നീടൊരിക്കലും നിങ്ങൾക്ക് അതിനവസരം ലഭിക്കുകയില്ല.'

മാതൃഭൂമി പത്രത്തിൽ പ്രസിദ്ധീകരിച്ചിരുന്ന മഹാത്മാഗാന്ധിയുടെ വാക്കുകൾ തൃപ്പൂണിത്തുറ സംസ്കൃത കോളേജിൽ വിദ്യാർത്ഥികളായിരുന്ന ഞങ്ങളെ ആവേശഭരിതരാക്കി. അന്ന് മതപരവും സാമൂഹ്യവുമായ യാഥാസ്ഥിതികത്വത്തിന്റെ ശക്തിദുർഗം ആയിരുന്നു, കൊച്ചി രാജകുടുംബത്തിന്റെ ആസ്ഥാനമായിരുന്ന തൃപ്പൂണിത്തുറ. രാജകുടുംബത്തിലെ ഏതാനും വ്യക്തികൾ അടങ്ങുന്ന ഒരു കമ്മിററിയാണ് സംസ്കൃത കോളേജ് ഭരിച്ചുവന്നിരുന്നതു്. അതിനാൽ, സ്വാഭാവികമായി സംസ്കൃത കോളേജും യാഥാസ്ഥിതികത്വകേന്ദ്രമാവേണ്ടതായിരുന്നു. പക്ഷേ, മലബാർ പ്രദേശത്തുനിന്നുള്ള കുറെയേറെ വിദ്യാർത്ഥികൾ അന്ന് സംസ്കൃതകോളേജിലുണ്ടായിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ അഗ്നിജ്വാല ഇവരിൽ പലരുടെയും ഹൃദയങ്ങളിൽ ജ്വലിച്ചുകൊണ്ടുമിരുന്നു. ഇവരുടെ നേതൃത്വം ഞങ്ങളിൽ പലരും അംഗീകരിച്ചിരുന്നു. ഖദർ ധാരണം, ഹിന്ദി പഠനം, പത്രപാരായണം എന്നിവയിൽ ഒതുങ്ങിനിന്നു ഞങ്ങളുടെ 'സ്വാതന്ത്ര്യസമരം'. എന്നാൽ, ഒരു അവസരം വന്നപ്പോൾ വേണ്ടവിധത്തിൽ പ്രതികരിക്കാൻ ഞങ്ങൾക്കു കഴിഞ്ഞു. ഞാനടക്കം ഏതാനും വിദ്യാർത്ഥികൾ ചേർന്ന് ചെറിയൊരു സംഖ്യ പിരിച്ചെടുത്തു് 1933-ൽ ഗുരുവായൂർ സത്യാഗ്രഹത്തെത്തുടർന്ന് കേരളത്തിൽ പര്യടനം നടത്തിയ ജാഥ തൃപ്പൂണിത്തുറയിൽ വന്നപ്പോൾ അവർക്ക് ഒരു പൊതുയോഗത്തിൽവെച്ചു സംഭാവനചെയ്തു. ഈ സംഭാവന തൃപ്പൂണിത്തുറയിലെ യാഥാസ്ഥിതിക വൃത്തങ്ങളിൽ പൊതുവെ സംസാരവിഷയമായി. ഇതു നിമിത്തം യാത്രക്കിടയിൽ മഹാത്മാഗാന്ധി തൃപ്പൂണിത്തുറയിൽ വരുകയാണെങ്കിൽ അദ്ദേഹത്തിന് ഹരിജനോദ്ധാരണത്തിനുവേണ്ടി വിദ്യാർത്ഥികൾ പണം നൽകിപ്പോകരുതെന്ന് 1934 ജനവരി 9-ാം തീയതി സംസ്കൃതകോളേജിലെ പ്രിൻസിപ്പൽ ഒരു കല്പന പുറപ്പെടുവിച്ചു. ഈ കല്പന എല്ലാ ക്ലാസുകളിലും അധ്യാപകർ വായിച്ചുകേൾപ്പിക്കുകയുംചെയ്തു. ഇതുകൊണ്ടാവാം ഗാന്ധിജിയുടെ ഹരിജനഫണ്ടിലേക്ക് സംഭാവന നൽകാനുള്ള സംഘടിതയത്നം കോളേജിലെ വിദ്യാർത്ഥികളുടെ ഭാഗത്തു് ഉണ്ടായില്ല.

പാലക്കാട്ടുനിന്ന് ഗാന്ധിജി ഗുരുവായൂരിലേക്കും അവിടെനിന്ന് വടകരയിലേക്കും പോയി. വടകരയിൽ ജനവരി 13-ാം തീയതി നടന്ന പൊതുയോഗത്തിൽവെച്ച് അന്ന് പതിനാറു വയസ്സുണ്ടായിരുന്ന 'കൗമുദി' എന്ന ബാലിക തന്റെ കൈകളിലെ പൊൻവളകളും കഴുത്തിലെ പൊൻമാലയും കാതുകളിലെ പൊൻകമ്മലുകളും ഊരി ഗാന്ധിജിക്കു സമപ്പിച്ചു. 'നീ ഉപേക്ഷിച്ച ആഭരണങ്ങളെക്കാൾ യഥാർത്ഥത്തിൽ നിന്നെ അലങ്കരിക്കുന്നതു് നിന്റെ ത്യാഗമാണ്'' എന്ന് ആ പെൺകുട്ടിയുടെ കൈയൊപ്പുപുസ്തകത്തിൽ ഗാന്ധിജി എഴുതിക്കൊടുത്തു. കൗമുദിയുടെ ഈ ത്യാഗത്തെപ്പററി ഗാന്ധിജി 'ഹരിജൻ' വാരികക്കുവേണ്ടി എഴുതിയ ഹൃദയസ്പർശിയായ ലേഖനത്തിന്റെ വിവർത്തനവും മലയാളപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതുകൂടി വായിച്ചപ്പോൾ തൃപ്പൂണിത്തുറയിൽ

വരുന്ന അവസരത്തിൽ ഗാന്ധിജിക്ക് ഒരു ചെറിയ സംഭാവന നൽകണമെന്ന ആഗ്രഹം എന്റെ മനസ്സിൽ നിറഞ്ഞുനിന്നു.

അന്നെനിക്ക് സംസ്കൃതകോളേജിൽനിന്ന് മാസത്തിൽ ഒമ്പതു രൂപവീതം വിദ്യാർത്ഥിവേതനം ലഭിച്ചിരുന്നു. വീട്ടുവാടക, ഭക്ഷണം, വസ്ത്രധാരണം, പുസ്തകങ്ങളും മററും വാങ്ങൽ, അത്യാവശ്യം വേണ്ട യാത്ര, വല്ലപ്പോഴും ഒരു സിനിമ കാണൽ മുതലായ എല്ലാ ചെലവുകളും ഈ തുകകൊണ്ട് നിർവഹിക്കേണ്ടിയിരുന്നു. എനിക്ക് എന്തെങ്കിലും ധനസഹായം നൽകത്തക്ക സ്ഥിതിയിലായിരുന്നില്ല എന്റെ മാതാപിതാക്കൾ. അതിനാൽ നന്നേ ക്ലേശിച്ച് വിദ്യാർത്ഥിവേതനത്തിൽനിന്ന് ഒരു രൂപ മിച്ചമുണ്ടാക്കി അതു് ഗാന്ധിജിക്ക് സംഭാവന ചെയ്യാൻ ഞാൻ തീരുമാനിച്ചു.

കൊച്ചി മഹാരാജാവിന്റെ സ്വകാര്യവരുമാനവും ചെലവുകളും സംബന്ധിച്ച കാര്യങ്ങൾ നടത്തിയിരുന്ന ഒരു സർക്കാർ ആപ്പീസ് അന്ന് തൃപ്പൂണിത്തുറയിലുണ്ടായിരുന്നു. 'കളഞ്ജം' എന്നറിയപ്പെട്ടിരുന്ന ഈ ആപ്പീസിൽനിന്ന്, കമ്മട്ടത്തിൽ അപ്പപ്പോൾ അടിച്ചിറക്കുന്ന, തിളങ്ങുന്ന, പുതിയ നാണയങ്ങൾ കിട്ടുമായിരുന്നു. ഞാൻ ഒരു രൂപ കളഞ്ജത്തിൽ കൊടുത്ത് നൂററിത്തൊണ്ണൂററിരണ്ടു പുതിയ ഒററപ്പൈസം നാണ്യങ്ങൾ വാങ്ങി. ചെമ്പുകൊണ്ടാണെങ്കിലും ഈ നാണ്യങ്ങൾക്ക് സ്വർണത്തിന്റെ തിളക്കമുണ്ടായിരുന്നു. ഈ പൈസ നാണ്യങ്ങൾ വെളുത്ത ഒരു ഖദർത്തുണിയിൽ ഒരു ചെറിയ കിഴിയാക്കി ഞാൻ കെട്ടിവെച്ചു.

ജനവരി 18–ാം തീയതി രാവിലെയാണ് ഗാന്ധിജി തൃപ്പൂണിത്തുറയിൽ വന്നതു്. ഒരു വർഷംമുമ്പ് അവിടെ പ്രവർത്തനം ആരംഭിച്ചിരുന്ന 'മഹാത്മാ വായനശാല'യുടെ ഒന്നാം വാർഷികത്തിൽ ആധ്യക്ഷ്യം വഹിക്കാമെന്ന് അദ്ദേഹം സമ്മതിച്ചിരുന്നു. തൃപ്പൂണിത്തുറയിൽ ഇപ്പോഴുള്ള ബസ്സ്റ്റാൻഡിന്റെ തെക്കുഭാഗത്തു പുതുതായി പണിതീർത്തിരുന്ന സഹകരണബാങ്കിന്റെ വിശാലമായ മുററത്തായിരുന്നു പൊതുയോഗം. വെയിൽ പരക്കാൻ തുടങ്ങിയ മുററത്ത് ആൾക്കൂട്ടത്തിനിടയിൽ ഞാൻ നേരത്തെ ചെന്ന് ഇരുന്നു. കൃത്യസമയത്തു റോഡിൽ കാറിൽനിന്നിറങ്ങിയ ഗാന്ധിജി ആൾക്കൂട്ടത്തിനിടയിലൂടെ വേഗത്തിൽ നടന്നു ഖദർത്തുണി വിരിച്ച മേശമേൽ ചമ്രം പടിഞ്ഞിരുന്നു. വായനശാലക്കാർ അദ്ദേഹത്തിനൊരു മംഗളപത്രവും സ്വീകരണക്കമ്മിററി പൊതുജനങ്ങളുടെ വകയായി ഒരു പണക്കിഴിയും നൽകി. ഗാന്ധിജി ആ മംഗളപത്രം അവിടെവെച്ചു ലേലം വിളിച്ചു വിററു. ഇതെല്ലാം ഏതാണ്ടു പത്തുമിനിട്ടിനകം നടന്നു. ഒരു നീണ്ട ചരടിൽ കെട്ടി തോളിൽനിന്ന് തൂക്കി ഒക്കിൽ തിരുകിയിരുന്ന പോക്കററ് വാച്ച് എടുത്തുനോക്കി ഗാന്ധിജി എഴുന്നേററു. കാറിലേക്കു നടക്കവേ അദ്ദേഹം എന്റെ അടുത്തെത്തി. അതായിരുന്നു എന്റെ അവസരം. ഞാൻ എഴുന്നേററുനിന്നു തൊഴുതു്, എന്റെ കൈയിലുള്ള കിഴി നീട്ടി. ഗാന്ധിജി അതു വാങ്ങി കൂടെയുള്ള ഒരാളുടെ കൈയിൽ കൊടുത്തു.

അന്നു ഞാൻ ഒരു പോക്കററ് ഡയറി സൂക്ഷിച്ചിരുന്നു. ഈ ഡയറിൽ ഇങ്ങനെ ഞാൻ കുറിച്ചിട്ടു: 'ഇന്നത്രേ എന്റെ ജീവിതത്തിലെ സ്മരണീയ സുദിനം. മഹാത്മാഗാന്ധിയെ ഇന്ന് ആദ്യമായി സന്ദർശിച്ച് ഞാൻ കൃതാർത്ഥനായിരിക്കുന്നു.'

പന്ത്രണ്ടു വർഷങ്ങൾ കഴിഞ്ഞ് 1946 ജനവരി 21–ാം തീയതിയാണ് ഞാൻ പിന്നീട് മഹാത്മാഗാന്ധിയെ കണ്ടതു്. 1944 മെയ് 6–ാം തീയതി ആഗാഖാൻ കൊട്ടാരത്തിലെ ജയിലിൽനിന്ന് ഗാന്ധിജി വിമോചിതനായി. താൻ അദ്ധ്യക്ഷനായിരുന്ന ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ രജതജൂബിലി ആഘോഷത്തിൽ സന്നിഹിതനാവാൻ വേണ്ടി 1946 ജനവരി 21–ാം തീയതി അദ്ദേഹം മദ്രാസിലെത്തി. അക്കാലത്തു ഞാൻ മദ്രാസ് സർവകലാശാലയിലെ മലയാള വിഭാഗത്തിൽ ഒരു ഗവേഷണ വിദ്യാർത്ഥിയായിരുന്നു. കുറെക്കാലം ഹിന്ദി അദ്ധ്യാപകനായിരുന്ന ഒരാളെന്ന നിലയിൽ ഞാൻ കൂടെ

ക്കൂടെ ഹിന്ദി പ്രചാര സഭയിൽ പോകാറുണ്ടായിരുന്നു. അവിടെ ജോലിചെയ്തിരുന്ന പലരും എന്റെ സുഹൃത്തുക്കളായിരുന്നു.

രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഹിന്ദി പ്രചാരസഭയിൽ ഒരു സാഹിത്യ–കലാകാര സമ്മേളനത്തിന് ഏർപ്പാടുചെയ്തിരുന്നു. ഈ സമ്മേളനത്തിന്റെ ആവശ്യത്തിലേക്ക് ചില രേഖകളും മററും തർജമചെയ്യാൻ എന്റെ സേവനം ആവശ്യമായിരുന്നു. സമ്മേളനത്തിലെ ഒരു പ്രവർത്തകനെന്ന നിലയിൽ ഏതു സമയത്തും ഹിന്ദി പ്രചാരസഭയിൽ പ്രവേശിക്കാനുള്ള അനുവാദപത്രം എനിക്ക് ലഭിക്കുകയുംചെയ്തു. കൂടുതൽ സൗകര്യം നൽകുന്ന പത്രപ്രവർത്തകർക്കുള്ള ഒരു പാസ്സും ഞാൻ നേടിവെച്ചു. കഴിയുന്നത്ര അധികം സമയം മഹാത്മാഗാന്ധിയുടെ സന്നിധിയിൽ ചെലവഴിക്കുകയായിരുന്നു എന്റെ ലക്ഷ്യം.

ആൾത്തിരക്ക് ഒഴിവാക്കാൻവേണ്ടി വഴിവക്കിലെ ഏതോ സ്റ്റേഷനിൽ തീവണ്ടിയിറങ്ങി, ഒരു കാറിൽ കയറി ഗാന്ധിജി ഹിന്ദി പ്രചാരസഭയിലെത്തിയതു വൈകുന്നേരം നാലേമുക്കാൽ മണിക്കാണ്. ഗാന്ധിജി വരുന്നതായി അറിവു കിട്ടിയ ഞങ്ങൾ സഭയുടെ മുഖ്യ കെട്ടിടത്തിൽനിന്നിറങ്ങി മുററത്തേക്കു ചെന്നു. നീലച്ച മുകൾഭാഗമുള്ള വെളുത്ത ഒരു കാർ പെട്ടെന്നു വളവുതിരിഞ്ഞു ഗേററുകടന്ന് മുററത്തേക്ക് ഉരുണ്ടുവന്നു. നിമിഷത്തിനകം, മുമ്പിൽ തൊട്ടടുത്ത് പോക്കുവെയിലിൽ ഗാന്ധിജി നിൽക്കുന്നതു ഞാൻ കണ്ടു. അവിശ്വസനീയമായ ഒരു കാഴ്ചയായിരുന്നു അത്. ചിത്രങ്ങളിൽ കാണുമ്പോലെ ചുവന്ന നിറമുള്ള ഒരു കുറിയ മനുഷ്യൻ. ചുററും നോക്കി തൊഴുത് കാൽ നീട്ടി വെച്ചു നടന്ന് അദ്ദേഹം സഭാവളപ്പിൽ തന്റെ താമസത്തിനു നിശ്ചയിച്ചിരുന്ന കെട്ടിടത്തിലേക്കു പോയി. എനിക്ക് അതൊരു സ്വപ്നംപോലെയാണ് അനുഭവപ്പെട്ടത്. അദ്ദേഹം എന്റെ മുമ്പിൽ, മണ്ണിൽ തൊട്ടടുത്തു നിന്നിരുന്നു എന്നതിന്റെ തെളിവ് അപ്പോഴും ഇണപിരിയാതെനിന്ന എന്റെ കൂപ്പുകൈ മാത്രമായിരുന്നു.

പിറേറന്ന്, ജനവരി 22–ാം തീയതി ഗാന്ധിജിയുടെ പ്രാർത്ഥനായോഗത്തിൽ ഞാൻ ആദ്യമായി പങ്കെടുത്തു. അന്നു പ്രാർത്ഥനായോഗമുണ്ടാകുമെന്ന വിവരം യോഗം തുടങ്ങുന്നതിന് ഏതാനും നിമിഷം മുമ്പു മാത്രമാണ് പ്രഖ്യാപിച്ചത്. എന്നിട്ടും, യോഗം നടത്തുന്നതിന് തയ്യാറാക്കിയ വലിയ മൈതാനത്തിൽ നിറയെ ആളുകൾ ഉണ്ടായിരുന്നു. മൈതാനത്തിന്റെ ഒരററത്ത് ഉയർത്തി കെട്ടിയിരുന്ന വേദിയിലേക്ക് രണ്ടു പെൺകുട്ടികളുടെ ചുമലുകളിൽ കൈ വെച്ചുകൊണ്ട് ഗാന്ധിജി വേഗം വേഗം നടന്നുവന്നു. പോക്കുവെയിൽ അദ്ദേഹത്തിന്റെ നിറത്തിൽ കുറെക്കൂടി ചുവപ്പുകലർത്തിയതായി തോന്നി. ഗാന്ധിജി മണ്ഡപത്തിൽ തനിക്കു നിശ്ചയിച്ച സ്ഥാനത്തുനിന്നു വലത്തുകൈ മുഖത്തോളം ഉയർത്തി 'നിശ്ശബ്ദം' എന്ന് ആംഗ്യം കാണിച്ചു. ജനക്കൂട്ടം തികച്ചും നിശ്ശബ്ദമായി. വേദിയിൽ നിലത്ത് ഗാന്ധിജി ചമ്രം പടിഞ്ഞിരുന്നു. ഗാന്ധിജിയുടെ സംഘത്തിലുണ്ടായിരുന്ന ഒരു ബൗദ്ധഭിക്ഷു 'നമ്യോരേംഗേ....' എന്നു തുടങ്ങുന്ന ജാപ്പനീസ് ഭാഷയിലുള്ള ഒരു ചെറിയ പ്രാർത്ഥന ചൊല്ലി. പിന്നീട് ഗാന്ധിജിയുടെ പ്രാർത്ഥനാസംഘം ഒന്നുചേർന്ന്,

''ഈശാവാസ്യമിദം സർവം
യത് കിഞ്ച ജഗത്യാം ജഗൽ
തേന ത്യക്തേന ഭുഞ്ജീഥാഃ
മാ ഗൃധഃ കസ്യ സ്വിദ്ധനം'

എന്ന ഉപനിഷന്മന്ത്രം ഉച്ചരിച്ചു. തുടർന്ന് ആലപിച്ചത് ഭഗവദ്ഗീതയിലെ സ്ഥിതപ്രജ്ഞലക്ഷണം ഉൾക്കൊള്ളുന്ന പതിനെട്ടു പദ്യങ്ങളായിരുന്നു. 'യംബ്രഹ്മാവരുണേന്ദ്ര രുദ്രമരുതഃ' എന്നു തുടങ്ങുന്ന ഗീതാമാഹാത്മ്യ പദ്യം അതിനുശേഷം പാരായണംചെയ്യപ്പെട്ടു. വിശുദ്ധ ഖുർ–ആനിലെ 'ലാ ഇലാഹാ ഇല്ലല്ലാ....' എന്നു തുടങ്ങുന്ന ഭാഗം ആയിരുന്നു അതിനുശേഷം.

ഇത്രയും നേരം കണ്ണടച്ചിരുന്ന ഗാന്ധിജി ഇപ്പോൾ കണ്ണുതുറന്നു. തുടർന്നു നടന്ന 'രഘുപതിരാഘവ രാജാറാം' എന്നു തുടങ്ങുന്ന 'രാമധുൻ' ആലാപന

ത്തിൽ അദ്ദേഹവും പങ്കുചേർന്നു: താളത്തിനു കൈകൊട്ടാൻ ജനക്കൂട്ടത്തെ പ്രേരിപ്പിക്കുകയും ചെയ്തു. ഇതിനുശേഷം ശ്രീമതി സുബ്ബലക്ഷ്മി മീരാഭായിയുടെ ഒരു ഭജനം ആലപിച്ചു., അവസാനം ഗാന്ധിജി ഹിന്ദിയിൽ ഒരു ചെറിയ പ്രസംഗം ചെയ്തു. അത്യന്തം ശാന്തവും സമാധാനപൂർണവുമായിരുന്ന ഈ പ്രാർത്ഥനായോഗം കഴിയുമ്പോഴേക്ക് ആകാശത്തിൽ നക്ഷത്രങ്ങൾ നിരന്നുകഴിഞ്ഞിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം അവിസ്മരണീയമായ ഒരനുഭവമായിരുന്നു ഈ പ്രാർത്ഥനായോഗം. നാല്പത്തിമൂന്നു വർഷങ്ങൾക്കുശേഷവും പൂർണങ്ങളായ വിശദാംശങ്ങളോടെ ആ രംഗം എനിക്കു സങ്കല്പത്തിൽ കാണാൻ ഇന്നും കഴിയുന്നുണ്ട്.

ജനവരി 23-ാം തീയതി നടന്ന പ്രാർത്ഥനായോഗത്തിലും ഞാൻ പങ്കെടുത്തു. പ്രാർത്ഥനയ്ക്കുശേഷം പൂർണങ്ങളായ വിശദാംശങ്ങളോടെ ആ രംഗം എനിക്കു സങ്കല്പത്തിൽ കാണാൻ ഇന്നും കഴിയുന്നുണ്ട്.

ജനവരി 23-ാം തീയതി നടന്ന പ്രാർത്ഥനായോഗത്തിലും ഞാൻ പങ്കെടുത്തു. പ്രാർത്ഥനയ്ക്കുശേഷം ഹിന്ദിയിൽ ചെയ്ത പ്രസംഗത്തിൽ ഗാന്ധിജി രാഷ്ട്രഭാഷയുടെയും പ്രാർത്ഥനയുടെയും പ്രാധാന്യം ഊന്നിപ്പറഞ്ഞു.

ശ്രീകൃഷ്ണ ജാജുവിന്റെ അധ്യക്ഷതയിൽ ജനവരി 24-ാം തീയതി രാവിലെയും ഉച്ചയ്ക്കുമായി നടന്ന നിർമാണപ്രവർത്തകരുടെ സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കവേ ഗാന്ധിജി സമ്മേളനത്തിന്റെ കാര്യപരിപാടി തമിഴിലോ ഹിന്ദിയിലോ അല്ലാതെ ഇംഗ്ലീഷിൽ അച്ചടിച്ചതിനു പ്രവർത്തകരെ തീവ്രമായി വിമർശിച്ചു. സദസ്സിലുണ്ടായിരുന്ന ഹിന്ദിയറിയാത്ത ചിലർ ഇംഗ്ലീഷിൽ സംസാരിക്കണമെന്ന് ഗാന്ധിജിയോട് ആവശ്യപ്പെട്ടു. അവരെ സന്തോഷിപ്പിക്കാനാണെങ്കിൽപ്പോലും താനിനിമേലിൽ ഇംഗ്ലീഷിൽ പ്രസംഗിക്കുകയില്ലെന്ന് ഗാന്ധിജി പറഞ്ഞു. ഇംഗ്ലീഷുകാരോടും മററു വിദേശികളോടും സംസാരിക്കുമ്പോൾ മാത്രമേ താൻ ഇനി ഇംഗ്ലീഷ് ഉപയോഗിക്കുകയുള്ളു. ഇന്ത്യാക്കാർ പരസ്പരം ഇംഗ്ലീഷിൽ സംസാരിക്കുന്ന ശീലം കൈവെടിയണമെന്നും, അവർ മാതൃഭാഷയിലോ രാഷ്ട്രഭാഷയിലോ വേണം ആശയവിനിമയം ചെയ്യാനെന്നും ഗാന്ധിജി പറഞ്ഞു. സത്യത്തിലൂടെയും അക്രമരാഹിത്യത്തിലൂടെയും സ്വാതന്ത്ര്യം നേടുന്നതിന് ഖാദി ഉൾപ്പെടെയുള്ള നിർമാണപരിപാടി എത്രമാത്രം ആവശ്യമാണെന്നതായിരുന്നു ഗാന്ധിജിയുടെ പ്രസംഗത്തിലെ മുഖ്യവിഷയം.

അന്നു വൈകുന്നേരത്തെ പ്രാർഥനായോഗം തികച്ചും ശാന്തമായിരുന്നില്ല. ഗാന്ധിജിയുടെ ഹിന്ദി പ്രസംഗത്തിന് തർജമ വേണമെന്ന് ചിലർ ആവശ്യപ്പെട്ടു. ജനങ്ങൾക്കിടയിൽ പ്രാദേശികവാദം വളർന്നുവരുന്നതിൽ ഗാന്ധിജി അഗാധമായ ഖേദം രേഖപ്പെടുത്തി.

ഇന്ത്യയുടെ ഭരണം ഇന്ത്യക്കാർക്ക് കൈമാറുന്നതിനെപ്പററി ആലോചിക്കുന്നതിനായി ബ്രിട്ടീഷ്പാർലമെൻറിലെ അംഗങ്ങളുടെ ഒരു ഔദ്യോഗിക സംഘം അക്കാലത്ത് ഇന്ത്യയിൽ വന്നിരുന്നു. ഇവർ മദ്രാസിൽവെച്ചാണ് ഗാന്ധിജിയെ കണ്ടു സംസാരിച്ചത്. ജനവരി 24-ാം തീയതി രാത്രി പത്തരമണിക്ക് ഗാന്ധിജിയുമായുള്ള സന്ദർശനം കഴിഞ്ഞ് പുറത്തുവന്ന ഈ പാർലമെൻറംഗങ്ങളെ ചെന്നു വളഞ്ഞ പത്രപ്രവർത്തകരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. തൊഴിലാളികക്ഷിയിൽ അംഗമായിരുന്ന മി. സോറൻസൻ എന്ന എം.പി. മാത്രമാണ് സന്ദർശനത്തിന്റെ വിവരങ്ങൾ ഞങ്ങളോട് സംസാരിക്കാൻ തയ്യാറായത്.

ജനവരി 25-ാം തീയതി രാവിലെ നടന്ന അടിസ്ഥാനവിദ്യാഭ്യാസ സമ്മേളനത്തിലും ഞാൻ സന്നിഹിതനായി. കാകാ കലേൽകർ, ജി. രാമചന്ദ്രൻ മുതലായവർ ഈ സമ്മേളനത്തിൽ സംസാരിച്ചു. അന്നു വൈകുന്നേരം നടന്ന ഹിന്ദി പ്രചാരസഭയുടെ രജതജൂബിലി സമ്മേളനത്തിൽ അധ്യക്ഷൻ മഹാത്മാ ഗാന്ധിയായിരുന്നു. സ്ഥിതപ്രജ്ഞൻ ആകുവാനാണ് താൻ ആഗ്രഹിക്കുന്നതെന്ന്

ഈ പ്രസംഗത്തിൽ ഗാന്ധിജി പറഞ്ഞു, ഏതു കുട്ടിക്കും സ്ഥിതപ്രജ്ഞത നേടാൻ കഴിയും. താൻ നൂററിയിരുപത്തഞ്ചു വർഷംവരെ ജീവിച്ചിരിക്കുന്നില്ലെങ്കിൽ ജനങ്ങൾ മനസ്സിലാക്കേണ്ടതു തനിക്കു സ്ഥിതപ്രജ്ഞാവസ്ഥ കൈവന്നിട്ടില്ലെന്നാണ്. ഏതായാലും താൻ ഇപ്പോഴും സ്ഥിതപ്രജ്ഞനായി കഴിഞ്ഞിട്ടില്ല എന്ന് ഗാന്ധിജി പ്രസ്താവിച്ചു.

ഭാരതീയർ എല്ലാവരും ഹിന്ദുസ്ഥാനി പഠിക്കേണ്ടതിന്റെ ആവശ്യം ഊന്നിപ്പറഞ്ഞുകൊണ്ട് ഗാന്ധിജി, ഒരു ആഭരണംപോലെ അടിമത്തം പ്രദർശിപ്പിക്കുന്നതിൽ ജനങ്ങൾ ഊററംകൊള്ളുന്ന ഏക രാഷ്ട്രം ഇന്ത്യയാണെന്നു പ്രസ്താവിച്ചു. 'നിങ്ങൾ ഇംഗ്ലീഷ് പൂർണമായും മറന്നുകളയണം എന്നാണ് എന്റെ പ്രാർത്ഥന. അതു നമുക്കു വേണ്ട. ഇംഗ്ലീഷ് പഠിക്കാൻ ചെലവഴിച്ച സമയത്തിന്റെയും ഊർജത്തിന്റെയും ഒരംശം ചെലവഴിച്ചാൽ നിങ്ങൾക്ക് ഹിന്ദുസ്ഥാനി പഠിക്കാൻ കഴിയും; നിങ്ങളുടെ ഭാഷാപ്രശ്നം പരിഹരിക്കപ്പെടുകയുംചെയ്യും.'

ഹിന്ദി പ്രചാരസഭയുടെ പേര് 'ഹിന്ദുസ്ഥാനി പ്രചാരസഭ' എന്നാക്കി മാററണമെന്ന് ഈ പ്രസംഗത്തിൽ ഗാന്ധിജി നിർദ്ദേശിച്ചു. 'ഹിന്ദിയോടൊപ്പം ഉർദുവും പഠിക്കുമ്പോഴേ ഹിന്ദുസ്ഥാനി ശരിക്കും നമ്മുടേതാവുകയുള്ളൂ. ഹിന്ദുസ്ഥാനുവേണ്ടി, ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി, ഇന്ത്യയിലെ ജനങ്ങളുടെ നന്മയ്ക്കും ക്ഷേമത്തിനും വേണ്ടി ഹിന്ദുസ്ഥാനി പഠിക്കുക.'

അന്നു വൈകുന്നേരത്തെ പ്രാർത്ഥനായോഗം ആരംഭിക്കുന്നതിനുമുമ്പുതന്നെ, മൈതാനത്തിൽ തിങ്ങിനിറഞ്ഞിരുന്ന ജനങ്ങൾ വല്ലാതെ ബഹളമുണ്ടാക്കാൻ തുടങ്ങിയിരുന്നു. അതിനാൽ, പ്രാർത്ഥനയിൽ പതിവായി ഉൾക്കൊള്ളിക്കാറുള്ള സംസ്കൃതപദ്യങ്ങൾ ഗാന്ധിജി വിട്ടുകളഞ്ഞു. ഹിന്ദിയിലുള്ള ഗാന്ധിജിയുടെ പ്രസംഗം തമിഴിൽ തർജമചെയ്യാൻ ഏർപ്പാടുചെയ്തിരുന്നു. പക്ഷേ, ഏതാനും വാക്യങ്ങൾ തമിഴിൽ തർജമചെയ്തുകേൾക്കേണ്ട താമസം തെലുങ്കിൽക്കൂടി തർജമ വേണമെന്ന് ഒരു കൂട്ടം ആളുകൾ മുറവിളി കൂട്ടാൻ തുടങ്ങി. സംയുക്ത മദ്രാസ് സംസ്ഥാനത്തിലെ തെലുങ്കുഭാഷാപ്രദേശങ്ങൾ വേർതിരിച്ച് ഒരു ആന്ധ്രപ്രദേശ സംസ്ഥാനം രൂപവൽക്കരിക്കണമെന്ന ആവശ്യം അന്നുതന്നെ ശക്തിപ്പെട്ടുതുടങ്ങിയിരുന്നു. തമിഴരും തെലുങ്കരും തമ്മിലുള്ള മത്സരം ഗാന്ധിജിക്ക് അത്യന്തം മനോവേദന ഉളവാക്കിയിരുന്നു. തന്റെ ഹിന്ദിപ്രസംഗം കേൾക്കേണ്ടവർക്കു കേൾക്കാമെന്നും, ഹിന്ദി അറിയാത്തവർക്കു താൻ പറഞ്ഞതെന്തെന്നു പിറേറന്നു പത്രം വായിച്ചറിയാമെന്നും ഗാന്ധിജി പറഞ്ഞെങ്കിലും, തെലുങ്കു തർജമയ്ക്കുവേണ്ടിയുള്ള മുറവിളി വർദ്ധിച്ചുവരുകയാണുണ്ടായത്. 'ഇനിമേൽ പ്രാർത്ഥനായോഗങ്ങളിൽ ഹിന്ദിയിൽ പ്രസംഗമേ ഉണ്ടാവൂ; ഒരു ഭാഷയിലും തർജമ ഉണ്ടാവില്ല' എന്നു പറഞ്ഞ് ഗാന്ധിജി യോഗം പെട്ടെന്ന് അവസാനിപ്പിച്ചു. ക്ഷുബ്ധമായ, ജനക്കൂട്ടത്തിന്റെ അച്ചടക്കമില്ലായ്മയ്ക്ക് ഒരു പ്രത്യക്ഷോദാഹരണമായിരുന്നു അന്നത്തെ പ്രാർത്ഥനായോഗം.

പിറേറന്ന് ജനുവരി 26-ാം തീയതി സ്വാതന്ത്ര്യദിനം പ്രമാണിച്ചു ചേർന്ന യോഗത്തിൽ ഗാന്ധിജി ജനങ്ങൾക്കു സ്വാതന്ത്ര്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 'അടുത്ത വർഷം നമുക്ക് ഈ പ്രതിജ്ഞ ആവർത്തിക്കേണ്ടി വരികയില്ലെന്ന് ആശിക്കുക; അതിനുമുമ്പു നമുക്കു സ്വാതന്ത്ര്യം ലഭിച്ചിരിക്കുമെന്നും. എങ്കിലും പരിശ്രമിക്കാനേ മനുഷ്യനു കഴിയൂ; ഫലം ദൈവത്തിന്റെ കൈകളിലാണ്' എന്ന് അദ്ദേഹം പറഞ്ഞു. അള്ളാ, രാമൻ, റഹീം, ഗോഡ് അങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നതു് ഒരേ ദൈവമാണെന്നും പ്രപഞ്ചത്തിൽ നിറഞ്ഞുനിന്നു പ്രപഞ്ചത്തെ നിലനിർത്തുന്ന ആ അദൃശ്യശക്തിയോടാണു നമ്മുടെ പ്രാർത്ഥനയെന്നും ഗാന്ധിജി ഓർമിപ്പിച്ചു. ലക്ഷ്യംപോലെ മാർഗവും പരിശുദ്ധമായിരുന്നാലേ ദൈവം പ്രാർത്ഥന കേൾക്കുകയുള്ളൂ. ഒരേ മരത്തിന്റെ ശാഖകൾപോലെയാണ് തമിഴരും തെലുങ്കരും കന്നഡിഗരും മലയാളികളുമെന്നും അവർ തമ്മിൽ മത്സരവും വൈരവും അരുതെന്നും അന്നത്തെ പ്രാർത്ഥനായോഗത്തിൽ ഗാന്ധിജി പ്രസ്താവിച്ചു. അന്നുതന്നെ ഹിന്ദി പ്രചാരകരുടെയും ഹരിജന

പ്രവർത്തകരുടെയും സമ്മേളനങ്ങളിലും ഗാന്ധിജി സംസാരിച്ചു. നാഗരി ലിപിയോടൊപ്പം ഉർദുലിപിയും പഠിക്കണമെന്ന് അദ്ദേഹം ഹിന്ദിപ്രചാരകരെ ഉദ്ബോധിപ്പിച്ചു.

ഹിന്ദിപ്രചാരസഭയുടെ ബിരുദദാനസമ്മേളനത്തിൽ പിറേറന്ന് ഗാന്ധിജി അദ്ധ്യക്ഷത വഹിച്ചു. പത്തു വർഷം മുമ്പ്, 1936—ൽ, ഞാൻ ഹിന്ദി പ്രചാരസഭയുടെ രാഷ്ട്രഭാഷാ വിശാരദ പരീക്ഷ പാസ്സായിരുന്നു. എങ്കിലും, സഭയിൽ നിന്നു സർട്ടിഫിക്കററ് വാങ്ങിയിരുന്നില്ല. അതിനാൽ, ഗാന്ധിജിയുടെ കൈയൊപ്പുള്ള വിശാരദ് സർട്ടിഫിക്കററ് അദ്ദേഹത്തിന്റെ കൈയിൽനിന്നുതന്നെ വാങ്ങാൻ എനിക്കു സാധിച്ചു. ബിരുദസ്വീകരണവസ്ത്രമായ നീല ഖദർഷാൾ പുതച്ചു നിന്ന ഞങ്ങൾക്ക് ഗാന്ധിജി പ്രതിജ്ഞ ചൊല്ലിത്തന്നു;സർട്ടിഫിക്കററ് നൽകുകയുംചെയ്തു. എന്റെ ഊഴമായപ്പോൾ ഞാൻ ഗാന്ധിജിയുടെ മുമ്പിൽ ചെന്നു. സർട്ടിഫിക്കററിലുള്ള എന്റെ പേര് ഗാന്ധിജി വായിച്ചു. ഞാൻ കൈകൂപ്പി 'നമസ്തേ' എന്നു പറഞ്ഞു. 'അച്ഛാ, പഢോ'(കൊള്ളാം, പഠിക്കുക) എന്നു പറഞ്ഞ് ഗാന്ധിജി സർട്ടിഫിക്കററ് എന്റെ കൈകളിൽ തന്നു. ഗാന്ധിജി എല്ലാവർക്കും സർട്ടിഫിക്കററുകൾ നൽകിക്കഴിഞ്ഞശേഷം രാജകുമാരി അമൃത് കൗർ ബിരുദദാനപ്രസംഗം നടത്തി. അന്നുതന്നെ സ്ത്രീകളുടെ ഒരു യോഗത്തിലും മഹാത്മാഗാന്ധി പ്രസംഗിക്കുകയുണ്ടായി.

മദ്രാസിലെ താമസക്കാലത്തു്ഗാന്ധിജിയെ ഇൻഡോനേഷ്യയിലെ നാവികസേനയിൽനിന്നു പിരിച്ചുവിടപ്പെട്ട ഏതാനും നാവികരും, ഐ. എൻ. എ. യിലെ ചില മുൻ സൈനികരും, പടിഞ്ഞാറേ ആഫ്രിക്കയിൽനിന്നുള്ള ഒരു കൂട്ടം നീഗ്രോഭടന്മാരും വന്നുകണ്ടിരുന്നു.

ജനുവരി 29—ാം തീയതി ചേർന്ന നിർമാണപ്രവർത്തകരുടെ സമ്മേളനത്തിൽ 'സമഗ്രഗ്രാമസേവ' എന്ന ആശയം ഗാന്ധിജി ഇങ്ങനെ വിവരിച്ചു: 'പതിനെട്ട് ഇനങ്ങളുള്ള നിർമാണപരിപാടിയിൽ ഒരു ഇനമാണ് സമഗ്ര ഗ്രാമസേവ. സമഗ്ര ഗ്രാമസേവകൻ ഗ്രാമത്തിലെ എല്ലാ ജനങ്ങളേയും അറിയുകയും കഴിയുന്ന സഹായങ്ങൾ എല്ലാവർക്കും ചെയ്തുകൊടുക്കുകയും വേണം.ഇതിന്നർത്ഥം ഗ്രാമസേവകന് ഒററയ്ക്ക് ഇതെല്ലാം ചെയ്യാൻ കഴിയുമെന്നല്ല. സ്വയം സഹായിക്കുന്നതിനുള്ള മാർഗം ജനങ്ങൾക്ക് ഗ്രാമസേവകൻ നിർദേശിക്കും; അവർക്ക് ആവശ്യമുള്ള സഹായവും സാധനങ്ങളും നേടിക്കൊടുക്കുകയുംചെയ്യും. ഗ്രാമീണർ സേവകനെ അന്വേഷിച്ചുചെന്ന് അയാളുടെ ഉപദേശം തേടത്തക്കവണ്ണം അയാൾ അവരെ വശീകരിക്കും. ഉദാഹരണത്തിന് ഞാൻ ഒരു എണ്ണച്ചക്കുംകൊണ്ട് ഒരു ഗ്രാമത്തിൽ പോയി പാർക്കുന്നു എന്നുവയ്ക്കുക. മാസത്തിൽ പതിനഞ്ചോ ഇരുപതോ രൂപ സമ്പാദിക്കുന്ന ഒരു സാധാരണ ചക്കാലനായിരിക്കുകയില്ല ഞാൻ. ഞാനൊരു 'മഹാത്മാ ചക്കാലൻ' ആയിരിക്കും. 'മഹാത്മാ' എന്നു ഞാൻ തമാശയായി പറഞ്ഞതാണ്. ഗ്രാമീണർക്കു മാതൃക നൽകുന്ന ഒരു ചക്കാലനായിരിക്കും ഞാൻ എന്നേ ഞാൻ പറഞ്ഞതിന് അർത്ഥമുള്ളൂ. ഗീതയും ഖുർ ആനും അറിയുന്ന ഒരു ചക്കാലൻ ആയിരിക്കും ഞാൻ. ഗ്രാമീണരുടെ കുട്ടികളെ പഠിപ്പിക്കാൻ വേണ്ട പഠിപ്പ് എനിക്കുണ്ടായിരിക്കും. ഞാൻ ഗ്രാമീണരെ നൂല്പ്പു പഠിപ്പിക്കും; ഒരു നെയ്ത്തുകാരന്റെ സേവനം വേണമെന്ന് അവർ പറഞ്ഞാൽ, അയാൾക്ക് അവർ ചെലവു കൊടുക്കുമെങ്കിൽ, അത്തരമൊരാളെ ഞാൻ കണ്ടുപിടിച്ചുകൊടുക്കുകയുംചെയ്യും. സ്വന്തം വസ്ത്രങ്ങൾ നെയ്യാൻ അവരെ നെയ്ത്തുകാരൻ പഠിപ്പിക്കും. അവർക്കു ഞാൻ ശുചിത്വബോധം ഉണ്ടാക്കും. ഒരു ക്ഷുരകനെ വേണമെന്ന് അവർ ആവശ്യപ്പെട്ടാൽ ഞാൻ പറയും: 'ഞാൻ നിങ്ങളുടെ ക്ഷുരകൻ ആയിക്കൊള്ളാം; നിങ്ങളെ ഞാൻ ക്ഷൗരവേല പഠിപ്പിക്കാം.' ഇതാണു സമഗ്ര ഗ്രാമസേവയെ സംബന്ധിച്ച എന്റെ സങ്കല്പം. ഇത്തരമൊരു ചക്കാലനെ ഇക്കാലത്തു കാണാൻ കഴിയുകയില്ലെന്നു നിങ്ങൾ എന്നോടു പറഞ്ഞേക്കും. എങ്കിൽ, ഇക്കാലത്തു നമ്മുടെ ഗ്രാമങ്ങളെ ഉദ്ധരിക്കാനും കഴിയില്ലെന്നതായിരിക്കും എന്റെ ഉത്തരം. റഷ്യയിലെ ഒരു ചക്കാലന്റെ ഉദാഹരണം നോക്കുക.

എണ്ണമില്ല് നടത്തുന്ന മാനേജർ ചക്കാലൻതന്നെ. അയാൾക്ക പണമുണ്ട്; പക്ഷേ, അയാളുടെ ശക്തി അറിവാണ്. സത്യമായ അറിവ് നൈതികമായ ശക്തിയും പദവിയും നൽകുന്നു. അത്തരമൊരാളുടെ ഉപദേശം എല്ലാവരും തേടിച്ചെല്ലും. വിനോബയെ നോക്കുക. അദ്ദേഹം നല്ല ഒരു ചക്കാലൻ ആണ്. അദ്ദേഹം എന്തു ചെയ്യുന്നു എന്നു നിങ്ങൾക്ക് അറിയാം; അദ്ദേഹത്തിന്റെ മാതൃക നിങ്ങൾ കഴിവ് അനുസരിച്ച് അനുകരിക്കുകയുംചെയ്യാം.'

ഗാന്ധിജിയുടെ വാക്കുകൾ ശ്രദ്ധിച്ചുകൊണ്ടും ചലനങ്ങൾ നിരീക്ഷിച്ചുകൊണ്ടും ഹിന്ദി പ്രചാരസഭയുടെ പരിസരങ്ങളിൽ കഴിച്ചുകൂട്ടിയ ആ നാളുകൾ, ഇന്നും എന്റെ സ്മരണയിൽ പച്ചവിടാതെ നില്ക്കുന്നു.

# 5. ഗ്രന്ഥശാലാനിയമം

ചിരപ്രതീക്ഷിതമായ ഗ്രന്ഥശാലാനിയമം കേരള നിയമസഭയുടെ പരിഗണനയിൽ ഇരിക്കുമ്പോഴാണ് ഇതു് എഴുതുന്നതു്.

ഗ്രന്ഥശാലാ സേവനം ഏർപ്പെടുത്തുന്നതും നടത്തുന്നതും സംബന്ധിച്ച് സംസ്ഥാനത്തിനു മുഴുവൻ ബാധകമായ ഒരു നിയമം ഇപ്പോൾ ഇല്ല. മലബാർ പ്രദേശത്തു പ്രാബല്യത്തിലുള്ള 1948–ലെ മദ്രാസ് പബ്ളിക് ലൈബ്രറി ആക്ട് പ്രകാരം കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിൽ മൂന്ന് 'ലോക്കൽ ലൈബ്രറി അതോറിററി'കളും അവയുടെ കീഴിൽ നൂററഞ്ച് ലൈബ്രറികളും പ്രവർത്തിച്ചുവരുന്നു. മലബാർ പ്രദേശത്തുള്ള ജനങ്ങളിൽനിന്ന് 'ലൈബ്രറി സെസ്' എന്ന പേരിൽ ഒരു പ്രത്യേക നികുതി പിരിക്കുന്നുമുണ്ട്. തിരുവിതാംകൂർ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയായ കേരള ഗ്രന്ഥശാലാ സംഘത്തിന്റെ നേതൃത്വത്തിലാണ് പഴയ തിരുവിതാംകൂർ–കൊച്ചി പ്രദേശത്തു ഗ്രന്ഥാലയ പ്രവർത്തനം മുഖ്യമായും നടന്നുവരുന്നതു്. ഗ്രന്ഥശാലാ സംഘത്തെ ഇപ്പോൾ നിയന്ത്രിക്കുന്നതു് ഗവണ്മെൻറാണ്. നാലായിരത്തിലേറെ ലൈബ്രറികൾ ഗ്രന്ഥശാലാസംഘവുമായി അഫിലിയേററ് ചെയ്യപ്പെട്ടിരിക്കുന്നു. പഴയ തിരുവിതാംകൂർ–കൊച്ചി പ്രദേശത്തു ജനങ്ങളിൽനിന്ന് ലൈബ്രറി സെസ് പിരിച്ചെടുക്കുന്നില്ല.

ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ഗ്രാമങ്ങളിലും നഗരങ്ങളിലും ഗ്രന്ഥശാലാസേവനം സമഗ്രമായി സംഘടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാനത്തിനു മുഴുവൻ ബാധകമായ ഒരു ഗ്രന്ഥശാലാ നിയമം നിർമിക്കുവാനുള്ള ശ്രമം 1977–ലും 1985–ലും നടക്കുകയുണ്ടായി. ഈ ശ്രമത്തിന്റെ പൂർത്തീകരണമാണ് ഇപ്പോൾ നിയമസഭയുടെ മുമ്പിലുള്ള '1989–ലെ കേരള പബ്ളിക് ലൈബ്രറി ബിൽ'.

അറുപത്താറ് അംഗങ്ങളുള്ള ഒരു സ്റ്റേററ് ലൈബ്രറി കൗൺസിൽ, അതിനു് ഇരുപത്തഞ്ച് അംഗങ്ങളുള്ള ഒരു എക്സിക്യൂട്ടീവ് കമ്മിററി, ജില്ലതോറും ഡിസ്ട്രിക്ട് ലൈബ്രറി കൗൺസിലുകൾ, താലൂക്കുതോറും താലൂക്ക് ലൈബ്രറി യൂണിയനുകൾ—സംസ്ഥാനത്തിലെ ഗ്രന്ഥശാലാസേവനത്തിനു ഗ്രന്ഥശാലാനിയമം വിഭാവനംചെയ്യുന്ന സംഘടനാരൂപം ഇതാണ്. ഇവയ്ക്കു പുറമെ ഓരോ ഗ്രന്ഥശാലയ്ക്കും അതിന്റേതായ നിർവഹണസമിതിയും ഉണ്ടായിരിക്കുമല്ലോ. അങ്ങനെ ബില്ല് നിയമമായിക്കഴിഞ്ഞാൽ കേരളത്തിലെ ഗ്രന്ഥശാലാസംവിധാനത്തിനു് നാലു വ്യത്യസ്ത തലങ്ങളുണ്ടായിരിക്കും.

ഗ്രന്ഥശാലാ നിയമത്തിന്റെ പരിധിയിൽപ്പെടുന്ന ഭരണനിർവഹണ കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക, ഡിസ്ട്രിക്ട് ലൈബ്രറി കൗൺസിലുകളുടെയും താലൂക്ക് ലൈബ്രറി യൂണിയനുകളുടെയും പ്രവർത്തനം ഏകോപിപ്പി